**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4218 | 12.11.2019-ലെ മറുപടിയ്ക്ക്

## കായിക മത്സരങ്ങൾ അപകടരഹിതവും സുതാര്യവുമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്ജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് നടക്കുന്ന കായിക മത്സരങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽപ്പെട്ടവരുടെ ഒരു വിവരശേഖരണം അവരുടെ തന്നെ സേവനം ഉപയോഗിച്ച് തയ്യാറാക്കി കായിക മത്സരങ്ങൾ അപകടരഹിതവും സുതാര്യവും ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഓരോ കായിക ഇനത്തിന്റെയും ജില്ലാ അസോസിയേഷനുകളെ പ്രതിനിധീകരിച്ച് സംസ്ഥാനത്ത് നടക്കുന്ന കായികമത്സരങ്ങളുടെ നടത്തിപ്പ് ചുമതല വഹിക്കുന്നത് അതാത് കായിക ഇനങ്ങളുടെ സംസ്ഥാന അസോസിയേഷനുകളാണ്. സംസ്ഥാനത്ത് നടക്കുന്ന കായിക മത്സരങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽപ്പെട്ടവരുടെ സേവനം പ്രയോജനപ്പെടുത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അംഗീകാരമില്ലാത്ത കായിക പരിശീലന സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ഒഫീഷ്യലുകൾ ആയി കായികമത്സരങ്ങൾ നിയന്ത്രിക്കുന്നവരെ കണ്ടുപിടിക്കുവാൻ എന്തൊക്കെ നടപടികൾ കായിക വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സ്പോർട്സ് അസോസിയേഷനുകൾ പ്രതിനിധീകരിച്ച് സംസ്ഥാനത്ത് നടത്തുന്ന കായിക മത്സരങ്ങളുടെ ഒഫീഷ്യൽസിനെ നിശ്ചയിക്കുന്നത് ബന്ധപ്പെട്ട കായിക ഇനത്തിന്റെ സംഘടനകളാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കായിക സംഘടനകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**